**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീമതി.മിനി കെ.എ., ക്ലാർക്ക്, കൊയിലാണ്ടി നഗരസഭ, കോഴിക്കോട് ഫയൽ ചെയ്ത OA(EKM)-1989/2018 നമ്പർ കേസിന്റെ 26.10.2018-ലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3074/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 04.12.2018.**

---

പരാമർശം: 1. സ.ഉ.(അ) നം.254/2015/തസ്വഭവ തീയതി, 31.07.2015.

2. ശ്രീമതി. മിനി കെ.എ. സമർപ്പിച്ച 17.10.2018-ലെ നിവേദനം

3. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM)-1989/2018-ന്മേലുള്ള 26.10.2018-ലെ അന്തിമ ഉത്തരവ്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം കൊയിലാണ്ടി നഗരസഭയിൽ പുനർവിന്യസിച്ച കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ക്ലാർക്കായ ശ്രീമതി. മിനി. കെ.എ. ടിയാന്റെ പുനർവിന്യാസ കാലാവധി പൂർത്തിയായതിനാൽ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് ടിയാൻ പരാമർശം (3) പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം) 1989/2018-ന്മേലുള്ള 26.10.2018-ലെ ഉത്തരവ് പ്രകാരം, ഉത്തരവ് കൈപ്പറ്റി 6 ആഴ്ചക്കകം അപേക്ഷകൻ പരാമർശം (2) പ്രകാരം സമർപ്പിച്ച നിവേദനത്തിന്മേൽ തീരുമാനമെടുക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും ശ്രീമതി മിനി.കെ.എ. ടിയാരിയുടെ പുനർവിന്യാസ കാലവധി പൂർത്തിയാക്കിയിട്ടുള്ളതായി വ്യക്തമായതിനാൽ ശ്രീമതി. മിനി കെ.എ.-യെ ടിയാന്റെ മാതൃവകുപ്പായ കൃഷി വകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ടും അതോടൊപ്പം ടിയാനെ മാതൃവകുപ്പിലേക്ക് തിരികെ അയക്കുന്നതിന് പകരമായി മറ്റൊരു ജീവനക്കാരനെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന് കൃഷി വകുപ്പിന് നിർദ്ദേശം നൽകികൊണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ(ഇ.കെ.എം) 1989/2018 നമ്പർ കേസിന്റെ 26.10.2018-ലെ ഉത്തരവ് നടപ്പിലാക്കിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

ശ്രീമതി. മിനി. കെ.എ, കൊയിലാണ്ടി നഗരസഭ, കോഴിക്കോട്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, കൊയിലാണ്ടി നഗരസഭ, കോഴിക്കോട്.

കൃഷി വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ